"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി വയനാട് ജില്ലാകളക്ടർക്ക് തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.249/2025/DMD തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-

1. 07/04/2025 ലെ സഉ(സാധാ)നം.224 /2025/ഡിഎംഡി
2. വയനാട് ജില്ലാകളക്ടറുടെ 16/04/2025 ലെ DCWYD/1637/2025-DM3 നമ്പർ കത്ത്

**ഉത്തരവ്**

വയനാട് മേപ്പാടി പഞ്ചായത്തിലെ ഉരുൾപ്പൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങളിലെ 2 വ്യക്തികൾക്ക് (adults) വീതം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് അനുവദിക്കുന്ന ധനഹായവും, കിടപ്പുരോഗികൾ ഉള്ള കുടുംബത്തിലെ ഒരാൾക്ക് കൂടി 300/- രൂപ വീതം അധികമായി CMDRF ൽ നിന്നും അനുവദിക്കുന്ന ധനസഹായവും 9 മാസക്കാലത്തേയ്ക്ക് കൂടി തുടർന്നും അനുവദിക്കുന്നതിന് അനുമതി നല്കി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് തുടർന്നും ദിനബത്ത അനുവദിക്കുന്നതിന് ആദ്യമാസത്തെ തുക നൽകുന്നതിനായി 2 കോടി രൂപ 2245-02-101-94-01 Flood and Other Items ശീർഷകത്തിൽ നിന്ന് അനുവദിച്ച് നൽകണമെന്ന് പരാമർശം(2) പ്രകാരം വയനാട് ജില്ലാകളക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ ജീവനോപാധി നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം അനുവദിക്കുന്നതിനായി സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94-01 Flood and Other Items ശീർഷകത്തിൽ നിന്ന് 2 കോടി രൂപ വയനാട് ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും, വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ എ കൗശിഗൻ ഐഎഎസ്

സ്പെഷ്യൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sivaprasad V N
Date: 21-04-2025 16:10:47
സെക്ഷൻ ഓഫീസർ